"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2647 — 17.06.2019 ൽ മറുപടിയ്ക്ക്

### മാവേലിക്കര മണ്ഡലത്തിൽ കാവും കുളവും സംരക്ഷിക്കൽ പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര നിയമസഭാമണ്ഡലത്തിലുള്ള കാവുകൾ സംരക്ഷിക്കുന്നതിനായി 2016-17 മുതൽ നാളിതുവരെ കാവും കുളവും സംരക്ഷിക്കൽ പദ്ധതി പ്രകാരം വനം വകുപ്പ്എത്ര കാവുകൾക്കും കുളങ്ങൾക്കും ധനസഹായം നല്കിയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | 24/12/2016 തീയതിയിലെ ജി.ഒ. (ആർ.റ്റി) നമ്പർ 485/16 വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം വർഷം തോറും ഓരോ ജില്ലയിലേയും തെരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം കാവുകളെ സംരക്ഷിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. 2016-17 മുതൽ നാളിതുവരെ മാവേലിക്കര നിയമസഭാ മണ്ഡലത്തിലുള്ള 7 കാവുകൾക്ക് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുളത്തൂർ കുടുംബയോഗം കാവ് , തെക്കേക്കര , പോനകം, മാവേലിക്കര<br>2. ചുനാട് കാവ് ,പൊന്നേഴ , തെക്കേക്കര , മാവേലിക്കര<br>3. ചേന്ദം വെട്ടത്ത് കുടുംബക്കാവ്, അക്കനാട്ടുകര, കല്ലുമല , മാവേലിക്കര<br>4. മാലിമേൽ ഭഗവതി ക്ഷേത്രക്കാവ് , കുറത്തിക്കാട് ,മാവേലിക്കര<br>5. ഇടശ്ശേരിൽക്കാവ് ,കൊറ്റാർക്കാവ് , മാവേലിക്കര<br>6. പാവൂരത്ത് കാവ് (ചെമ്പകശ്ശേരിൽക്കാവ്), കൊയ്പ്പള്ളികാരായ്മ, ഓലക്കെട്ടിയമ്പലം, മാവേലിക്കര<br>7. തഴക്കര ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രക്കാവ് ,തഴക്കര പി.ഒ., മാവേലിക്കര |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | എല്ലാ ജില്ലകളിലും കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ജില്ലാതലത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകുകയും ചെയ്യുന്നു. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ സ്ഥലപരിശോധന , നടത്തി ഏറ്റവും അനുയോജ്യമായ , നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാന വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്ന് സംസ്ഥാന തല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണാ പത്രം ഒപ്പു വയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10% തുക ആദ്യഗഡുവായി നൽകുകയും ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കി തുക തുടർന്ന് നൽകുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ